ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ മാടായി, രാമന്തളി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഓലക്കീൽക്കടവ് പാലത്തിന്റെ പ്രാഥമിക പഠനം നടത്തുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിരുന്നു. നബാർഡിൽനിന്നും Formal Sanction ലഭ്യമാകാത്തതിനാൽ ടി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് NABARD ശീർഷകത്തിൽ അനുമതി നൽകുവാൻ സാധിച്ചിട്ടില്ല. ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ പൂർത്തീകരിച്ചാൽ മാത്രമേ നബാർഡിൽനിന്നും പദ്ധതികൾക്ക് അനുമതി ലഭിക്കുകയുള്ളൂ. പാലം പ്രവൃത്തികൾക്കുള്ള ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ നടപ്പിലാക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് പ്രത്യേക ശീർഷകം അനുവദിച്ചിട്ടില്ല. ഇത് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെട്ട മാടൻതട്ട്-ഏര്യം-പാണപ്പുഴ-കച്ചേരിക്കടവ് റോഡിന്റെ 641 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് നബാർഡ് RIDF-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

കല്ലോലി ഭാഗം കോളനി, തങ്കശ്ശേരി നിർമ്മിതി കോളനി എന്നിവയുടെ നവീകരണം

153 (3663) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾ വസിക്കുന്ന കല്ലോലി ഭാഗം കോളനി നവീകരിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) 21-5-15-ൽ 3408/വി.ഐ.പി/സി.എം. എന്ന നമ്പരിൽ ബഹു.മുഖ്യമന്ത്രി ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) മത്സ്യത്തൊഴിലാളികൾ വസിക്കുന്ന തകർച്ചയിലായ തങ്കശ്ശേരി നിർമ്മിതി കോളനി പുനർനിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾ വസിക്കുന്ന കല്ലോലിഭാഗം കോളനി നവീകരിക്കുന്നതിന് 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന ഫിഷർമെൻ കോളനി പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി ഫിഷറീസ് വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

ഭവന നിർമ്മാണത്തിനും ഭവന പുനരുദ്ധാരണത്തിനുമായി പദ്ധതി തയ്യാറാക്കുകയും, ഇതിൻപ്രകാരം 23 പേർക്ക് ഭവന പുനരുദ്ധാരണത്തിന് 50,000 രൂപ വീതവും, 15 പേർക്ക് ഭവന നിർമ്മാണത്തിന് 2 ലക്ഷം രൂപ വീതവും അനുവദിച്ച് നൽകുകയും ടെയ്തിട്ടുണ്ട്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന ഫിഷർമെൻ കോളനി പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി കല്ലോലിവയൽ കോളനി റോഡ് റീടാറിംഗിന് 21.00 ലക്ഷം രൂപയുടേയും അംഗൻവാടി നിർമ്മാണത്തിന് 20.00 ലക്ഷം രൂപയുടേയും ഭരണാനുമതി നൽകുകയും പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തു.

(ബി) കൊല്ലം ജില്ലയിലെ കല്ലോലിഭാഗം കോളനിയിൽ ആകെ 110 വീടുകളാണുള്ളത്. ഇതിൽ 56 വീടുകൾ 4 വീടുകൾ ചേരുന്ന ഒറ്റ ബ്ലോക്കുകളായും 20 വീടുകൾ ഒറ്റവരിയിലായുള്ള ലയിൻ വീടുകളായും ബാക്കിയുള്ള 34 വീടുകൾ ഒറ്റ വീടുകളായും സ്ഥിതി ചെയ്യുന്നു. ഒറ്റ വീടുകളിൽ ചിലത് ഉടമസ്ഥർ തന്നെ പുതുക്കിപ്പണിതിട്ടുണ്ട്.

ടി കോളനിയിൽ മത്സ്യത്തൊഴിലാളി അംഗത്വം ഉള്ളവരും അനുബന്ധ മത്സ്യത്തൊഴിലാളി അംഗത്വം ഉള്ളവരും മത്സ്യത്തൊഴിലാളികൾ അല്ലാത്തവരും ഉൾപ്പെട്ടതാണ്. കോളനി നവീകരിക്കുന്നതിന്റെ ഭാഗമായി ഭവന പുനരുദ്ധാരണത്തിനും ഭവന നിർമ്മാണത്തിനുമായി ധനസഹായം അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുകയും അതിൻപ്രകാരം ഭവന നിർമ്മാണത്തിന് 15 പേരും ഭവന പുനരുദ്ധാരണത്തിന് 23 പേരും അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. ഇവർക്ക് യഥാക്രമം 2,00,000, 50,000 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുകയും ടി തുക വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതുമാണ്. അപേക്ഷിച്ചവർക്ക് പൂർണ്ണമായും ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട്.

ശോച്യാവസ്ഥയിലായ ടി കോളനിയിലെ 4 വീടുകൾ ചേരുന്ന 56 വീടുകളുടെ ഒറ്റ ബ്ലോക്ക് (ഫ്ലാറ്റുകൾ) പുനരുദ്ധാരണത്തിനായി ആവശ്യമുയർന്നെങ്കിലും നിശ്ചിത തുക (ഒരു വീടിന് രണ്ട് ലക്ഷം എന്ന നിരക്കിൽ) വിനിയോഗിച്ച് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതിനാൽ പുനരുദ്ധാരണത്തിന് പരിഗണിച്ചിരുന്നില്ല

(സി) 25 വർഷം മുമ്പ് സർക്കാരിന്റെയും സഭയുടെയും ആഭിമുഖ്യത്തിൽ നിർമ്മിച്ചുനൽകിയ 103 വീടുകൾ ഉൾപ്പെടെ തങ്കശ്ശേരി നിർമ്മിതി കോളനി നിലവിൽ തകർച്ചയിലാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

GPM. 2/235/2020-30

LIBRARY ARCHIVES Kerala Legislative Assembly